# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2898 20.03.15 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നടപ്പാക്കിത്തുടങ്ങിയത്; ഇല്ലെങ്കിൽ എന്നു മുതൽ നടപ്പാക്കും; | (എ) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടില്ല. ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ അനുശാസിച്ചിട്ടുളള മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കൽ, പരാതി പരിഹാരത്തിനുളള കുറ്റമറ്റ സംവിധാനം എന്നിവ നടപ്പാക്കുന്നതിനുളള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ടി പ്രവർത്തനങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ തന്നെ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയും. ഒപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി നിലനിർത്തണമെന്ന ആവശ്യം കേന്ദ്രം അംഗീകരിക്കണം. |
| (ബി) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കേരളത്തിലെ വ്യത്യസ്ത റേഷൻ കാർഡുകൾ ഉളളവർക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാ ക്കുമോ; | (ബി) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം എ.എ.വൈ. കാർഡുടമകൾക്ക് പ്രതിമാസം 35 കിലോ ഭക്ഷ്യധാന്യവും മുൻഗണനാ വിഭാഗക്കാർക്ക് ഒരു അംഗത്തിന് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യവും ലഭ്യമാകും. |

| | | | |
|---|---|---|---|
| (സി) | പുതിയ നിയമപ്രകാരം എ.പി.എൽ, ബി.പി.എൽ. തുടങ്ങി വേർതിരിവുളള റേഷൻ കാർഡുകൾ ഉണ്ടാകുമോ; ഇല്ലെങ്കിൽ പാവപ്പെട്ടവർക്ക് നിലവിൽ ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് കുറയാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്; | (സി) | പുതിയ നിയമപ്രകാരം മുൻഗണനാ കാർഡുകൾ, പൊതുവിഭാഗം കാർഡുകൾ എന്നിവയാണ് ഉണ്ടാകുന്നത്. അർഹതയുളളവരുടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ അളവ് കുറയുകയില്ല. |
| (ഡി) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഏതെങ്കിലും റേഷൻ കാർഡ് ഉടമയ്ക്ക് നിലവിൽ ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവ് വരുമോ; വരുമെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | നിലവിൽ എ.എ.വൈ. കാർഡുകൾക്ക് 35 കിലോ അരിയാണ് പ്രതിമാസം ലഭിച്ച് വരുന്നത്. ടി അളവ് അതേപടി നിലനിർത്തുന്നുണ്ട്. ബി.പി.എൽ. വിഭാഗക്കാർക്ക് പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യമാണ് നിലവിൽ നൽകിവരുന്നത്. ആയത് ഒരു കാർഡ് അംഗത്തിന് പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യമായി മാറ്റി നൽകുകയാണ് ചെയ്യുന്നത്. നിലവിൽ എ.പി.എൽ. വിഭാഗക്കാർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന 8 മുതൽ 10 കിലോ ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ